(ബി) പേവിഷബാധയ്ക്കെതിരെ കുത്തിവയ്ക്കുന്ന മരുന്ന് റേറ്റ് കോൺട്രാക്ടിൽ നൽകുന്നതിന് ഈ വർഷം സി. പി. സി. രണ്ട് കമ്പനികൾക്ക് അനുവാദം നൽകിയിട്ടുണ്ട്. റാബീസ് വാക്സിൻ ഹ്യൂമൻ സെൽ കൾച്ചർ എന്ന മരുന്ന് ഹ്യൂമൻ ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്ന കമ്പനിയാണ് നൽകുന്നത്. ഹ്യൂമൻ ഡിപ്ലോയ്ഡ് സെൽ റാബീസ് വാക്സിൻ എന്ന മരുന്ന് സെറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഡ്യ എന്ന കമ്പനിയാണ് നൽകുന്നത്. ഈ രണ്ട് കമ്പനികളും സപ്ലൈ ഓർഡർ അനുസരിച്ച് വാക്സിൻ നൽകേണ്ടതാണെങ്കിലും ഹ്യൂമൻ ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ഇതുവരെ അൻപത് ശതമാനത്തിൽ താഴെയാണ് വാക്സിൻ സപ്ലൈ ചെയ്തിരിക്കുന്നത്. ഇതുമൂലമുണ്ടാകുന്ന കുറവ് പരിഹരിക്കാൻ ഹോസ്പിറ്റൽ ഡവലപ്മെന്റ് കമ്മിറ്റി മുഖേനയോ ലോക്കൽ പർച്ചേസ് വഴിയോ മരുന്ന് വാങ്ങുന്നുണ്ട്.

(സി) ഉണ്ട്. ഇത് സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിവരുന്നുണ്ട്.

(ഡി) 20-1-2005-ലാണ് ലഭിച്ചത്.

(ഇ ആന്റ് എഫ്) നിയമസഭയുടെ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ ആരോഗ്യവകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് അടുത്തിടെ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു. വിജിലൻസ് വകുപ്പ് നടത്തിവരുന്ന അന്വേഷണ റിപ്പോർട്ടുകൂടി ലഭിച്ചതിനുശേഷം മാത്രമേ ഈ കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കാൻ കഴിയൂ.

ആരോഗ്യ മേഖലയുടെ വികസനത്തിനായി സ്വീകരിച്ച നടപടികൾ

102 [559] ശ്രീ. വി. കെ. സി. മമ്മത്കോയ:
,, മഞ്ഞളാംകുഴി അലി:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജല വിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയുടെ വികസനത്തിനായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി പദ്ധതികൾ ഏതെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിദേശ സഹായത്തോടെ ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വെളിപ്പെടുത്തുമോ;

(ഡി) ആരോഗ്യ മേഖലയുടെ വികസനത്തിനായി 2004-05, 2005-06 എന്നീ വർഷങ്ങളിലെ ബഡ്ജറ്റുകളിൽ എന്തുതുക വീതം വകയിരുത്തിയിരുന്നു; ഇതിൽ എന്തു തുക വീതം പ്രസ്തുത വർഷങ്ങളിൽ ചെലവഴിച്ചു;

(ഇ) ബഡ്ജറ്റുകളിൽ വകയിരുത്തുന്ന തുകപോലും ആരോഗ്യ മേഖലയിൽ ചെലവഴിക്കപ്പെടുന്നില്ലായെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം പരിശോധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വിവിധ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ നിലവിലുള്ള കിടക്കകളുടെ എണ്ണം വർദ്ധിപ്പിച്ച് കൂടുതൽ രോഗികളെ കിടത്തി ചികിത്സിപ്പിക്കാനുള്ള സൗകര്യം വർദ്ധിപ്പിച്ചു. ഏതാനും ഗവൺമെന്റ് ആശുപത്രികളെ ജനറൽ ആശുപത്രികളായും, താലൂക്ക് ആശുപത്രികളായും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി, അത്യാഹിത വിഭാഗം ഇല്ലാത്ത ആശുപത്രിയിൽ അത്യാഹിത വിഭാഗവും, ദേശീയ പാതയോരത്തുള്ള ചില ആശുപത്രികളിൽ ട്രോമാ കെയർ സെന്ററും ആരംഭിച്ചു. പ്രധാനപ്പെട്ട ആശുപത്രികളിൽ രക്ത ബാങ്കുകൾ, രക്ത സംഭരണികൾ എന്നിവ സ്ഥാപിച്ചു.

പകർച്ച വ്യാധികൾ തടയുന്നതിന് 'സംയോജിത രോഗ പര്യവേഷണ പരിപാടി' നടപ്പിലാക്കി. പ്രജനന ശൈശവ ആരോഗ്യ പരിപാടിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കി വരുന്നു. ദാരിദ്ര്യ രേഖക്ക് താഴെയുള്ള അമ്മമാരുടെ ആദ്യത്തെ രണ്ട് പ്രസവങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന 'ജനനി സുരക്ഷാ യോജന പദ്ധതി' കേന്ദ്ര സഹായത്തോടെ നടപ്പാക്കിവരുന്നു. ഡോക്ടർമാർക്ക് 6 മാസത്തെ ഗ്രാമീണ സേവനം നിർബന്ധിതമാക്കി, കോഴിക്കോട് മെഡിക്കൽ കോളേജിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്ക് നിർമ്മിക്കുകയും, എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ട്രോമോ കെയർ സെന്ററിന്റെ നവീകരണം, രക്തബാങ്കുകളുടെ വികസനം എന്നിവ നടപ്പാക്കി, ആയൂർവേദ മെഡിക്കൽ വിദ്യാഭ്യാസ മേഖലയിൽ 8 സെൽഫ് ഫൈനാൻസിംഗ് കോളേജുകൾ ആരംഭിച്ചു. തിരുവനന്തപുരം, കണ്ണൂർ, കോട്ടയ്ക്കൽ എന്നീ ആയൂർവേദ കോളേജുകളിൽ 6 പുതിയ പി. ജി. കോഴ്സുകൾ ആരംഭിച്ചു. ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് "സ്കൂളിൽ ഒരു ഔഷധത്തോട്ടം ഒന്ന് എന്റെ വീട്ടിലും" പദ്ധതി നടപ്പിലാക്കിവരുന്നു. തൃപ്പൂണിത്തുറ ആയൂർവേദ കോളേജിൽ 350 കിടക്കകളുള്ള ആശുപത്രി കെട്ടിടവും കണ്ണൂർ ആയൂർവേദ കോളേജിൽ 150 കിടക്കകളുള്ള ആശുപത്രി കെട്ടിടവും നിർമ്മിച്ചു.

പാരമ്പര്യ ആയൂർവേദ വിജ്ഞാനം സംരക്ഷിക്കുന്നതിന് പേറ്റന്റ് സെൽ ആരംഭിച്ചു, 11 ഗവൺമെന്റ് ഹോമിയോ ആശുപത്രികളിൽ ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമാക്കി. 11 ഗവൺമെന്റ് ഹോമിയോ ആശുപത്രികളിൽ ട്രാക്ഷൻ യൂണിറ്റുകൾ, രണ്ട് ആശുപത്രികളിൽ അൾട്രാ സൗണ്ട് സ്കാനറുകൾ, രണ്ട് ആശുപത്രികളിലെ ലബോറട്ടറികളിൽ ഓട്ടോ അനലൈസറുകൾ എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പ്രജനന ശൈശവ ആരോഗ്യ പരിപാടി

(1) 'ജനനി സുരക്ഷായോജന' പദ്ധതി പ്രകാരം ദാരിദ്ര്യ രേഖക്ക് താഴെയുള്ള അമ്മമാരുടെ ആദ്യത്തെ രണ്ട് പ്രസവങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

(2) കുടുംബക്ഷേമ പ്രവർത്തനങ്ങൾ.

(3) ഉൾനാടൻ പ്രദേശങ്ങളിൽ ആർ. സി. എച്ച്. ക്യാമ്പുകൾ നടത്തുന്നു.

2/333/2012/SMT--18

LIBRARY ARCHIVES Kerala Legislative Assembly

(4) പ്രജനന നാളീ രോഗങ്ങൾ, ലൈംഗീക രോഗങ്ങൾ എന്നിവയുടെ ചികിത്സ.

(5) രോഗ പ്രതിരോധ കുത്തിവയ്പുകളുടെ ഭാഗമായി ഡോക്ടർമാർ, നേഴ്സു മാർ എന്നിവർക്ക് പരിശീലനം നൽകുക.

സംയോജന രോഗ പര്യവേഷണ പരിപാടി

(1) രോഗം പൊട്ടിപ്പുറപ്പെടാനുള്ള സാദ്ധ്യത മുൻകൂട്ടിയറിഞ്ഞ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക.

(2) പകർച്ച വ്യാധികളല്ലാത്ത ജീവിതശൈലീരോഗങ്ങളുടേയും സാധാരണ കാണപ്പെടാത്തതോ, പുതുതായി കാണപ്പെടുന്നതോ ആയ രോഗങ്ങളുടേയും നിയന്ത്രണം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ.

യൂറോപ്യൻ കമ്മീഷൻ സെക്ടർ ഇൻവെസ്റ്റിമെന്റ് പ്രോഗ്രാം

(1) വകുപ്പിലെ വിവിധ വിഭാഗം ജീവനക്കാരുടെ ജോലിയും ഉത്തരവാദിത്തങ്ങളും നിർണ്ണയിക്കുകയും, പുനർ നിർണ്ണയിക്കുകയും ചെയ്യുക.

(2) കൗമാര പ്രായക്കാർക്കു വേണ്ടിയുള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തന ങ്ങൾ നടന്നുവരുന്നു.

(3) ഹെൽത്ത് വിഷൻ 2025 തയ്യാറാക്കി വരുന്നു.

(4) ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സംവിധാനം നടപ്പാക്കുന്ന തിനായുള്ള രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടന്നു വരുന്നു.

പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പദ്ധതി

(1) ഈ പദ്ധതി 100% കേന്ദ്ര സഹായ പദ്ധതിയായി നടപ്പിലാക്കുന്നു.

(2) പുതിയതായി ഉണ്ടാകുന്ന ടി. ബി. കേസുകളിൽ തുടർ ചികിൽസ നടത്തി രോഗം ഭേദമാക്കുക.

(3) ക്ഷയരോഗ വാഹകരെ കണ്ടെത്തി ചികിൽസിക്കുകവഴി മരണ സംഖ്യ കുറയ്ക്കുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ.

ഭരണ നവീകരണ പദ്ധതി (എം. ജി. പി.)

പദ്ധതിയുടെ ഭാഗമായി സേവന പ്രദാന പദ്ധതി നടപ്പാക്കുന്നതിനായി 139 സ്ഥാപനങ്ങളെ തെരഞ്ഞടുത്തിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിലാണ്.

(സി) (1) യൂറോപ്യൻ കമ്മീഷന്റെ സെക്ടർ ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാമിന് 14 കോടി 51 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

(2) ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് 'സംയോജിത ആരോഗ്യ പര്യവേഷണ പദ്ധതി' (ഐ. ഡി. എസ്. പി.)

(3) ഹെൽത്ത് സിസ്റ്റം പ്രോജക്ടിന്റെ ഭാഗമായി ലോക ബാങ്ക് ധനസഹായ ത്തിനായി 128 കോടി രൂപയുടെ പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

(4) സ്റ്റേറ്റ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി നവീകരിക്കുന്നതിനായി ലോക ബാങ്ക് ധനസഹായത്തോടുകൂടി 'കപ്പാസിറ്റി ബിൽഡിംഗ് പ്രോജക്ട്' നടപ്പാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2004-05-ൽ പദ്ധതിയിനത്തിൽ 8147.75 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 4931.83 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2005-06-ൽ പദ്ധതിയിനത്തിൽ 8665 ലക്ഷം രൂപ വകയിരുത്തിയതിൽ 4366.35 ലക്ഷം രൂപ (താൽക്കാലിക കണക്ക്) ഇതുവരെ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക നിലക്കനുസരിച്ച് അനുവദിക്കപ്പെടുന്ന തുക പരമാവധി ചെലവഴിക്കുവാൻ സാധിച്ചിട്ടുണ്ട്.

മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിന് സർക്കാർ അംഗീകരിച്ചിട്ടുള്ള സ്വകാര്യ ആശുപത്രികൾ

103 [560] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനകത്തോ പുറത്തോ പ്രവർത്തിക്കുന്ന ഏതൊക്കെ സ്വകാര്യ ആശുപത്രികളെയാണ് മെഡിക്കൽ റീഇംപേഴ്സ്മെന്റിനായി സർക്കാർ അംഗീകരിച്ചിട്ടുള്ളത്; ഈ ആശുപത്രികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) കൂടുതൽ സ്വകാര്യ ആശുപത്രികൾക്ക് അംഗീകാരം നൽകണമെന്ന ശുപാർശ വർഷങ്ങളായി സർക്കാരിൽ തീരുമാനം കാത്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ കാര്യത്തിൽ തീരുമാനമാകാത്തത് കാരണം സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രശസ്ത ആശുപത്രികളിൽ വിദഗ്ധ ചികിത്സ തേടിപ്പോകുന്ന സർക്കാർ ജീവനക്കാർക്ക് മെഡിക്കൽ റീഇംബേഴ്സ്മെന്റ് ആനുകൂല്യം ലഭിക്കുന്നതിന് പ്രയാസം വരുന്നു എന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ അടിയന്തിര തീരുമാനമെടുക്കുമോ;

(ഡി) അംഗീകൃത എയ്ഡഡ് കോളേജുകളിലെ ജീവനക്കാർക്ക് ഏത് നിരക്കിലാണ് റീഇംബേഴ്സ്മെന്റ് ആനുകൂല്യം നൽകുന്നത്; ഈ ജീവനക്കാർക്ക് ബൈപാസ് ശസ്ത്രക്രിയ, ആൻജിയോപ്ലാസ്റ്റി തുടങ്ങിയ ചികിത്സയ്ക്ക് സർക്കാർ ജീവനക്കാർക്ക് നൽകുന്ന നിരക്കിൽ പലിശ രഹിത വായ്പയും മെഡിക്കൽ റീഇംബേഴ്സ്മെന്റും നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മെഡിക്കൽ റീഇംപേഴ്സ്മെന്റ് ആവശ്യത്തിന് സർക്കാർ അംഗീകരിച്ചിട്ടുള്ള ആശുപത്രികളുടെ ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു. †

(ബി ആന്റ് സി) കൂടുതൽ ചികിത്സകളേയും സ്വകാര്യ ആശുപത്രികളേയും അംഗീകൃത ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

(സി) മെഡിക്കൽ റീഇംപേഴ്സ്മെന്റ് കാര്യത്തിൽ സർക്കാർ ജീവനക്കാരുടേതിന് തുല്യമായ പരിഗണന തന്നെയാണ് അംഗീകൃത എയ്ഡഡ് കോളേജിലെ ജീവനക്കാർക്കും നൽകുന്നത്. ടി വിഭാഗം ജീവനക്കാർക്ക് പലിശ രഹിത വായ്പ അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

† അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly